വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഒരു റോഡിന്റെ ഒന്നു മുതൽ 2 കിലോമീറ്റർ വരെയും 4 മുതൽ 6 കിലോമീറ്റർ വരെയും എന്നു പറഞ്ഞു കഴിയുമ്പോൾ തന്നെ വലിയൊരു ലിസ്റ്റാണ്. അറ്റ കുറ്റ പണികൾ നടത്തുകയെന്നുള്ളതല്ലാതെ ഒരു വലിയ വർക്കും ഏറ്റെടുക്കാൻ കഴിയാത്ത ഒരു സ്ഥിതി വിശേഷം ഉണ്ടെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകും.

(7) ഗവണ്മെന്റ് വിക്ടോറിയ കോളേജിലും മെഴ്സി കോളേജിലും പുതിയ കോഴ്സുകൾ

ശ്രീ. ടി.കെ. നൗഷാദ് : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പാലക്കാട് ജില്ലയിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് കോളേജുകൾ കുറവാണ്. കോഴിക്കോട് സർവ്വകലാശാലയ്ക്കു കീഴിലുള്ള കോഴിക്കോട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ യഥാക്രമം 32-ഉം, 28-ഉം, 26-ഉം കോളേജുകൾ ഉള്ളപ്പോൾ പാലക്കാട് 14 കോളേജുകൾ മാത്രമാണുള്ളത്. ജില്ലാ ആസ്ഥാനത്ത് പാലക്കാട് വിക്ടോറിയ കോളേജും, മെഴ്സി കോളേജും മാത്രമേയുള്ളൂ. പാലക്കാട് വിക്ടോറിയ കോളേജിൽ ബി.എസ്.സി.ക്കും ബി.എ.ക്കും ആകെ 492 സീറ്റുകൾ ഉള്ളപ്പോൾ അപേക്ഷകർ മൂവായിരത്തോളം പേരാണ്. ബിരുദാനന്തര ബിരുദത്തിന് 70 സീറ്റുകൾ മാത്രമേയുള്ളൂ. അതുപോലെ തന്നെ മെഴ്സി കോളേജിൽ ബി.എസ്.സി., ബി.എ., ബി.കോം എന്നിവ ഉൾപ്പെടെ 334 സീറ്റുകളിലേക്ക് അപേക്ഷകർ 1,700 പേരാണ്. ഈ അവസ്ഥയിൽ പ്രീ-ഡിഗ്രിയും ഡിഗ്രിയും പരീക്ഷകൾ വിജയിച്ച ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഡിഗ്രിക്കും, പി.ജി.ക്കും പ്രവേശനം നിഷേധിക്കപ്പെടുന്നു. മാത്രമല്ല കാലാനുസൃതമായി തൊഴിൽ സാദ്ധ്യതകൾ കൂടുതലുള്ള കോഴ്സുകൾ ഇവിടെ അനുവദിക്കപ്പെട്ടിട്ടുമില്ല. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് ജില്ലയുടെ പിന്നോക്കാവസ്ഥയും മറ്റു സാഹചര്യങ്ങളും കണക്കിലെടുത്ത് ജില്ലാ ആസ്ഥാനത്തുള്ള പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിൽ ഈ വർഷം അപേക്ഷിച്ചിട്ടുള്ള ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ബി.എസ്.സി., പോളിമർ കെമിസ്ട്രി, ബി.എ., ജിയോഗ്രഫി, എം.എ. മലയാളം എന്നീ കോഴ്സുകളും മെഴ്സി കോളേജ് ഈ വർഷം അപേക്ഷിച്ചിട്ടുള്ള ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. കെമിസ്ട്രി എന്നീ കോഴ്സുകളും അടിയന്തിരമായി ഈ അദ്ധ്യയനവർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, യൂണിവേഴ്സിറ്റികളിൽനിന്നുള്ള ശുപാർശകൾ ഗവണ്മെന്റ് പരിശോധിച്ചുവരുന്നതേയുള്ളൂ. ഈ കഴിഞ്ഞ വർഷം ഒരു കോളേജിന് ഒരു കോഴ്സ് എന്നുള്ള നിലയ്ക്കാണ് അനുമതി നൽകിയത്. ഈ വർഷവും യൂണിവേഴ്സിറ്റിയുടെ നിർദ്ദേശങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേക ആവശ്യവുംകൂടി പരിഗണിച്ച് വേണ്ട തീരുമാനം എടുക്കുന്നതാണ്.

(8) താനൂർ മണ്ഡലത്തിലെ മൂലയ്ക്കൽ-ഉണ്യാൽ എം.എൽ.എ. റോഡ്

LIBRARY ARCHIVES Kerala Legislative Assembly